LIGHTED TO LIGHTEN

# സെഹിയോൻ

## ബുള്ളറ്റിൻ

**2026 ജൂലൈ • ആഗസ്റ്റ് • സെപ്റ്റംബർ**




**സെഹിയോൻ മാർത്തോമ്മാ ഇടവക**


**ആമല്ലൂർ, തിരുവല്ല, ഫോൺ 0469 2962135**

**Rev. Saji Thomas**, Mob: **7030686979**, **www.amalloorsehionmtc.org**

# ആമല്ലൂർ സെഹിയോൻ
# മാർത്തോമ്മാ ചർച്ച്

## സെഹിയോൻ ബുള്ളറ്റിൻ

**ജൂലൈ ▸ ആഗസ്റ്റ് ▸ സെപ്റ്റംബർ 2026**



# വികാരിയുടെ കത്ത്



***“യഹോവെക്കു സ്തോത്രം ചെയ്‌വിൻ; അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളതു!” സങ്കീർത്തനങ്ങൾ 107:1.***

പ്രിയപ്പെട്ട ദൈവജനമേ,

നമ്മുടെ പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

അടുത്ത മുന്ന് മാസങ്ങളിലേക്കു നാം  പ്രവേശിക്കുമ്പോൾ, വിശ്വാസത്തിലും ആരാധനയിലും സേവനത്തിലും നമുക്ക് ഒരുമിച്ച് വളരാം, തുടരാം.

നമ്മുടെ കഴിഞ്ഞ വർഷത്തെ കൈസ്ഥാന സമിതി അംഗങ്ങളെയും എല്ലാ സംഘടനയുടെ ചുമതലക്കാരെയും, ഇടവക ചുമതലക്കാരെയും ഓർത്തു പ്രാർഥിക്കുന്നു.  അവർ ചെയ്ത എല്ലാ ശുശ്രൂഷകൾക്കുമായി ദൈവത്തിനു സ്തോത്രം കരേറ്റുകയും, അവരോടുള്ള നന്ദിയും കടപ്പാടും അറിയിച്ചുകൊള്ളുന്നു. നമ്മുടെ വാർഷിക പൊതുയോഗത്തിന്റെ minutes അംഗീകരിച്ചു കിട്ടിയതിനു ശേഷമുള്ള ആദ്യത്തെ ഞായറാഴ്ച്ച  പുതിയ കൈസ്ഥാന സമിതിയുടെ പ്രതിഷ്ഠ ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. കൈസ്ഥാന സമിതിയുടെ ആദ്യത്തെ യോഗത്തിൽ തന്നെ നമ്മുടെ ഇടവകയുടെ വാർഷിക പരിപാടികൾ നിശ്ചയിക്കുകയും, മറ്റു തീരുമാനങ്ങൾ എടുക്കുകയും വേണ്ടതാണ്. ദൈവനാമ മഹത്വത്തിനായി നമുക്ക് ഒരുമിച്ചു പ്രാർഥനാപൂർവ്വം പ്രവർത്തിക്കാം.

ഈ വരുന്ന ദിനങ്ങൾ ആത്മീയ നവീകരണവും ആഴത്തിലുള്ള കൂട്ടായ്മയും നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും ക്രിസ്തുവിന് സന്തോഷകരമായ സാക്ഷ്യവും നൽകുന്ന ദിവസങ്ങളാകട്ടെ എന്ന് പ്രാർഥിക്കുന്നു. നാം പ്രാർത്ഥനയിൽ അചഞ്ചലരായിരിക്കുകയും ദൈവവചനം പഠിക്കുന്നതിൽ ഉത്സാഹത്തോടെയിരിക്കുകയും സ്നേഹത്തോടും താഴ്മയോടും കൂടി പരസ്പരം സേവിക്കാൻ പ്രതിജ്ഞാബദ്ധരാകുകയും ചെയ്യട്ടെ.

നമ്മുടെ കുഞ്ഞുങ്ങളെ സൺഡേ സ്കൂളിൽ കൊണ്ടുവരുന്ന മാതാപിതാക്കളെ ഞാൻ അഭിനന്ദിക്കുന്നു. എന്നാൽ അവർ  തുടർന്നുള്ള വിശുദ്ധ കുർബാനയിലും പങ്കെടുക്കുന്നു എന്ന് നിങ്ങൾ ഉറപ്പാക്കണം. ഇതു അവരുടെ ആത്മീയ ജീവിതത്തിന്റെ അടിത്തറയാണ്. അതിൽ ഉപേക്ഷ

വിചാരിക്കരുത് എന്ന് സ്നേഹത്തോടെ ഓർമിപ്പിക്കുന്നു.

നമ്മുടെ ഭവനങ്ങളിൽ എല്ലാ ദിവസവും കുടുംബ പ്രാർഥന ഉണ്ടായിരിക്കണം. നമ്മുടെ കുഞ്ഞുങ്ങളെകൊണ്ട് ഒരു സങ്കീർത്തനമോ, അതിന്റെ കുറച്ചു വാക്യങ്ങളോ വായിപ്പിക്കണം, അതുകൂടാതെ അവരെകൊണ്ട് പ്രാർത്ഥിപ്പിക്കണം. എല്ലാ ശനിയാഴ്ചയും സൺഡേ സ്കൂളിൽ പഠിച്ചു കൊണ്ടുപോകേണ്ടുന്ന വാക്യങ്ങൾ പഠിച്ചു എന്ന് ഉറപ്പു വരുത്തണം, എല്ലാ ഞായറാഴ്ച്ചയും അവർ ദൈവാലയത്തിൽ നിന്ന് വന്നതിനു ശേഷം അവർ എന്താണ് സൺഡേ സ്കൂളിൽ പഠിച്ചതെന്ന് ചോദിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

ദൈവകൃപ നമ്മെ ശക്തിപ്പെടുത്തുകയും നമ്മുടെ യുവാക്കളെയും കുട്ടികളെയും നയിക്കുകയും പ്രായമായവരെ ആശ്വസിപ്പിക്കുകയും നമ്മുടെ ഇടവകയിലെ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കുകയും ചെയ്യട്ടെ. ക്രിസ്തുവിൽ ഒരു ശരീരം എന്ന നിലയിൽ നമുക്ക് അവിടുത്തെ വിശ്വസ്ത സാക്ഷികളായി പ്രകാശിക്കുകയും അവിടുത്തെ രാജ്യത്തിന്റെ മഹത്വത്തിനായി ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യാം.

നമ്മുടെ കർത്താവിന്റെ സമാധാനവും സമൃദ്ധമായ അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ ഉണ്ടാകട്ടെ.

സ്നേഹത്തോടെ

**സജി അച്ചൻ**

**ആരാധനാ സഹായ ക്രമീകരണങ്ങൾ – പ്രാർത്ഥനായോഗങ്ങൾ / സംഘടനകൾ**

| മാസം | തീയതി | ദിവസം | പ്രാർത്ഥനാ ഗ്രൂപ്പ് / സംഘടന |
|---|---|---|---|
| ജൂലൈ | 05 | ഞായർ | ഇടവക മിഷൻ |
| | 12 | ഞായർ | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| | 19 | ഞായർ | സേവികാ സംഘം |
| | 26 | ഞായർ | യുവജന സഖ്യം |
| ആഗസ്റ്റ് | 02 | ഞായർ | പ്രാർത്ഥന ഗ്രൂപ്പ് I |
| | 09 | ഞായർ | പ്രാർത്ഥന ഗ്രൂപ്പ് II |
| | 16 | ഞായർ | പ്രാർത്ഥന ഗ്രൂപ്പ് III |
| | 23 | ഞായർ | ഗായകസംഘം |
| | 30 | ഞായർ | യംഗ് വിമൻസ് ഫെലോഷിപ്പ് |
| സെപ്റ്റംബർ | 06 | ഞായർ | സൺഡേസ്കൂൾ |
| | 13 | ഞായർ | സേവികാസംഘം |
| | 20 | ഞായർ | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| | 27 | ഞായർ | ഇടവക മിഷൻ |

| ഞായറാഴ്ച്ചകളിലെ പാഠം വായന ഭാഗങ്ങൾ | | | | |
|---|---|---|---|---|
| തീയതി | ഒന്നാം പാഠം | രണ്ടാം പാഠം | ലേഖനം | ഏവൻഗേലിയോൻ |
| **ജൂലൈ** | | | | |
| 05 | 1 ദിന. 29:10-18 | 1 തിമോ.6:17-22 | 2 കൊരി.9:6-11 | വി.ലൂക്കോ.16:19-31 |
| 12 | യിര.1:4-10 | എഫെ.4:7-16 | 1 പത്രോ.5:1-4 | വി.മത്താ.20:20-28 |
| 19 | നെഹ.8:1-12 | അ.പ്ര.28:23-30 | 1 പത്രോ.2:1-10 | വി.മത്താ.13:16-23 |
| 26 | ഉല്പ.1:24-31 | 1 കൊരി.13:1-13 | എഫെ.5:21-32 | വി.മത്താ.19:4-6 |
| **ആഗസ്റ്റ്** | | | | |
| 02 | യെശ.58:6-10 | അ.പ്ര.19:8-12 | 1 യോഹ.3:16-24 | വി.മർക്കോ.2:13-17 |
| 09 | പുറ.14:15-31 | 1 പത്രൊ. 3:18-22 | 1 കൊരി.12:12-20 | വി.യോഹ.3:1-8 |
| 16 | 2രാജാ.23:1-6 | തീത്തൊ.3:3-8 | റോമ.11:1-6 | വി.ലൂക്കോ.5:36-39 |
| 23 | പുറ.24:3-11 | 2 കൊരി.5:11-21 | 1 കൊരി.10:14-22 | വി.മത്താ.5:23-26 |
| 30 | ലേവ്യ.19:9,10, 33-37 | അ.പ്ര.10:30-35 | 2 തെസ്സ.1:3-5 | വി.ലുക്കോ.1:39-45 |
| **സെപ്റ്റംബർ** | | | | |
| 06 | സദൃ.2:1-12 | 1 കൊരി.1:18-25 | 2 പത്രോ.1:3-10 | വി.ലുക്കോ.5:1-11 |
| 13 | ന്യായ.4:1-10 | റോമ.16:1-15 | അ.പ്ര.1:12-14 | യോഹ.12:1-8 |
| 20 | യോശു.14:6-15 | ഫിലി.3:12-16 | എഫെ.6:10-17 | വി.യോഹ.21:18-23 |
| 27 | പുറ.14:10-25 | അ.പ്ര.27:9-25 | 1 പത്രോ.5:6-11 | വി.മർക്കോ.4:35-41 |

| ഇടവകയിലെ സാധാരണ പരിപാടികൾ | |
|---|---|
| ഞായർ രാവിലെ 7.30 | സൺഡേ സ്കൂൾ |
| ഞായർ രാവിലെ 9.00 | വിശുദ്ധ കുർബ്ബാന |
| 2,4 ഞായർ ശുശ്രൂഷാനന്തരം | യുവജനസഖ്യം |
| ബുധൻ രാവിലെ 10.30 | സേവികാസംഘം |
| വെള്ളി രാവിലെ 10.30 ന് | ഇടവകമിഷൻ/ഉപവാസപ്രാർത്ഥന |
| 3-ാം ചൊവ്വ രാവിലെ 10.00 | പെയിൻ & പാലിയേറ്റീവ് ഭവനസന്ദർശനം |
| 4-ാം ചൊവ്വ വൈകിട്ട് 4.30 | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 4-ാം ഞായർ വൈകിട്ട് 3.00 | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| ശനി വൈകിട്ട് 4.45 | ഗായകസംഘ ഗാനപരിശീലനം |

# ഇടവക വാർത്തകൾ

## വാർഷിക ഇടവക സംഘ യോഗം.

2025-26 പ്രവർത്തനവർഷത്തെ വാർഷിക ഇടവകസംഘയോഗം 2026 മെയ് 31 ഞായറാഴ്ച്ച ആരാധനാനന്തരം ബഹു. സജി തോമസ് അച്ചന്റെ അധ്യക്ഷതയിൽ നടത്തപെട്ടു. വാർഷിക റിപ്പോർട്ട്, വരവ് ചെലവ് കണക്ക്, ബഡ്ജറ്റ് എന്നിവ യോഗത്തിൽ അവതരിപ്പിച്ച് പാസാക്കി. കഴിഞ്ഞകാലങ്ങളിൽ ഇടവകയെ നയിച്ചവരെ നന്ദിയോടെ സ്മരിക്കണമെന്നും ദൈവത്തിൽ ആശ്രയിച്ച് മുൻപോട്ടു പോകുവാൻ സാധിക്കട്ടെ എന്നും ബഹു. സജി തോമസ് അച്ചൻ അധ്യക്ഷ പ്രസംഗത്തിൽ ആശംസിച്ചു.

## വിശുദ്ധ വിവാഹം

നമ്മുടെ ഇടവകയിൽ വളയിൽ ശ്രീ. സണ്ണി തോമസിന്റെയും ശ്രീമതി മറിയാമ്മ സണ്ണിയുടെയും മകൻ നിപുൺ തോമസ് സണ്ണിയും തിരുവൻവണ്ടൂർ ഇടക്കല്ലിൽ ശ്രീ. റജി മാത്യുവിന്റെയും ശ്രീമതി ലിനി റജിയുടെയും മകൾ ശില്പ റജിയും വിവാഹിതരായി. ***സെഹിയോൻ കുടുംബത്തിന്റെ ആശംസകൾ.***

## അനുമോദനം

ഇടവകയിൽ 10,12 ക്ലാസ്സുകളിൽ 2025-26 അദ്ധ്യയന വർഷത്തിൽ ഉന്നതവിജയം നേടിയ അലൻ ജിനു ഫിലിപ്പ്, മെറിൻ റേച്ചൽ റജി, റിയ മറിയം മാത്യു, ഷെറിൽ ആൻ മാത്യു എന്നീ വിദ്യാർത്ഥികളെ മെമന്റോയും ക്യാഷ് അവാർഡും നല്കി അനുമോദിച്ചു.

## പുതിയ അംഗങ്ങൾ:

മീന്തലക്കര, സുധീഷ്ഭവനിൽ ശ്രീ. സുധീഷ് കുമാർ, ഭാര്യ ശ്രീമതി വർഷ, മകൻ എയ്ഡൻ, മാതാവ് ശ്രീമതി സതി കെ. എം. എന്നിവർ നമ്മുടെ ഇടവകയിൽ അംഗത്വം സ്വീകരിച്ചു. സെഹിയോൻ കുടുംബത്തിലേക്ക് സ്വാഗതം.

## വി. ബി. എസ്

ക്രിസ്തുവിൽ ഉറച്ചു നിൽപ്പിൻ (Stand Firm in Christ) എന്ന ചിന്താവിഷയത്തിൽ സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ വി. ബി.എസ് ഏപ്രിൽ 6 മുതൽ 15 വരെ നടത്തപെട്ടു. 75 കുട്ടികളും 20 അദ്ധ്യാപകരും 10 വോളന്റിയേഴ്സും വി. ബി.എസി ൽ പങ്കെടുത്തു. വിബിഎസ് ലീഡർ ആയി അഞ്ചു എസ്. ജയിംസ്, കൺവീനർ ആയി ശ്രീമതി നെൽസി മേരി ജോൺ എന്നിവർ പ്രവർത്തിച്ചു.

## അനുശോചനം

നമ്മുടെ ഇടവകാംഗം മഠത്തിലേട്ട് എം. കെ. ഫിലിപ്പ് (ജോയി) ജൂൺ 14-ാം തീയതി നിര്യാതനായി. അദ്ദേഹത്തിലൂടെ ഇടവകക്ക് ലഭിച്ച സേവനങ്ങളെ നന്ദിയോടെ സ്മരിച്ചുകൊണ്ട് ഇടവകയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

# സംഘടനാ വാർത്തകൾ

## ഇടവക മിഷൻ

ഇനി മുതൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 10.30 ന് പള്ളിയിൽ വച്ച് ഇടവകമിഷൻ മീറ്റിംഗും ഉപവാസപ്രാർത്ഥനയും സംയുക്തമായി നടത്തപ്പെടുന്നതാണ്. മൂന്നാം ചൊവാഴ്ച്ചകളിൽ രാവിലെ പാലിയേറ്റീവ് കെയറിന്റെ ഭാഗമായി ഇടവക മിഷൻ അംഗങ്ങൾ, ശാരീരിക പ്രയാസങ്ങൾ മൂലം പള്ളിയിൽ വരുവാൻ സാധികാത്ത ഇടവകാംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് കൂട്ടായ്മ നൽകി വരുന്നു.

## സൺഡേ സ്കൂൾ – ചുമതലക്കാർ

| | | |
|---|---|---|
| ശ്രീമതി ഷൈനി സാമുവേൽ | - | ഹെഡ്മിസ്ട്രസ്സ് |
| ശ്രീമതി നെൽസി മേരി ജോൺ | - | സെക്രട്ടറി |
| ശ്രീ. അലൻ മാത്യു ഫിലിപ്പ് | - | ട്രഷറർ |

## സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പ് ചുമതലക്കാർ

| | |
|---|---|
| വൈസ് പ്രസിഡന്റ് | ശ്രീ. സി. കെ. വർഗ്ഗീസ് |
| സെക്രട്ടറി | ശ്രീ. സാബു വർഗ്ഗീസ് കുര്യൻ |
| ജോ. സെക്രട്ടറി | ശ്രീമതി മേഴ്സി ബാബു |
| ട്രഷറർ | പ്രൊഫ. ആലിസ് മാത്യു |
| ഓഡിറ്റർ | ശ്രീ. തോമസ് ജോസഫ് |
| കേന്ദ്ര പ്രതിനിധി | ശ്രീ. വർഗ്ഗീസ് മാത്യു |
| ഭദ്രാസന പ്രതിനിധി | ശ്രീ. മാത്യു ചെറിയാൻ |

## ഇടവകമിഷൻ ചുമതലക്കാർ

| | |
|---|---|
| വൈസ് പ്രസിഡന്റ് | ശ്രീ. കുരുവിള വർഗ്ഗീസ് |
| സെക്രട്ടറി | ശ്രീമതി ജുനോമ്മ ജേക്കബ് |
| ട്രഷറർ | ശ്രീ. കെ. ജി. വർഗ്ഗീസ് |
| ഓഡിറ്റർ | ശ്രീ. ബാബു തോമസ് |
| കമ്മിറ്റി അംഗങ്ങൾ | ശ്രീമതി ബെൻസി ജോൺസൺ<br>ശ്രീമതി ആനി ജോർജ്, ശ്രീമതി എൽസി രാജി |
| ഭദ്രാസന പ്രതിനിധി | ശ്രീമതി സൂസൻ സാമുവേൽ |
| കേന്ദ്ര പ്രതിനിധി | ശ്രീമതി ജോളി ചാക്കോ |

## യുവജനസഖ്യം ചുമതലക്കാർ

| | |
|---|---|
| വൈസ് പ്രസിഡന്റ് | ജോനാഥാൻ ജോൺസൺ കോശി |
| സെക്രട്ടറി | റോഹൻ കുരുവിള രാജി |
| ജോ. സെക്രട്ടറി | എയ്ഞ്ചലിൻ എൽസാ ബിനു |
| ട്രഷറർ | റിയ മറിയം മാത്യു |
| ഓഡിറ്റർ | ബോണി ബോബൻ |
| സെൻറർ പ്രതിനിധി | ജെറിൻ വി . എബ്രഹാം, റിയ മറിയം മാത്യു |
| ഭദ്രാസന പ്രതിനിധി | കെവിൻ ചെറിയാൻ മാത്യു, മെറിൻ റേച്ചൽ റെജി |
| കേന്ദ്രസ്ഥാന സമിതി അംഗം | ജോനാഥാൻ ജോൺസൺ കോശി |
| കമ്മിറ്റി മെംബർസ് | ജെൻ എബ്രഹാം, സൈമൺ എൻ. ജിജി, എസ്തേർ സൂസൻ ജിജി |

## ഗായകസംഘം ചുമതലക്കാർ

| | |
|---|---|
| ലീഡർ | ശ്രീ. രാജി എൻ. കുരുവിള |
| ജോയിന്റ് ലീഡർ | ശ്രീമതി ബിനി സാംജി |
| സെക്രട്ടറി | ശ്രീ. സൈമൺ എൻ. ജിജി |
| ട്രഷറർ | ശ്രീ. ജോർജ് ഉമ്മൻ |
| ഓഡിറ്റർ | ശ്രീ. വർഗീസ് ഈപ്പൻ |
| കമ്മിറ്റി അംഗങ്ങൾ | ശ്രീമതി ജയ തോമസ്, ശ്രീമതി സിലി വർഗീസ് ശ്രീമതി അക്കാമ്മ കോശി |

## സേവികാസംഘം ചുമതലക്കാർ

| | |
|---|---|
| വൈസ് പ്രസിഡന്റ് | ശ്രീമതി സാലി കോശി |
| സെക്രട്ടറി | ശ്രീമതി സിലി വർഗീസ് |
| ട്രഷറർ | ശ്രീമതി ഓമന ഹണി |
| പ്രാർത്ഥന ഗ്രൂപ്പ് പ്രതിനിധികൾ | ശ്രീമതി വത്സ കോശി, ശ്രീമതി ബെൻസി ജോൺസൺ, ശ്രീമതി വത്സമ്മ കോശി, ശ്രീമതി മറിയാമ്മ ജോൺ, ശ്രീമതി ഏലിയാമ്മ സാബു, ശ്രീമതി വത്സമ്മ തോമസ് |
| ഭദ്രാസന പ്രതിനിധികൾ | ശ്രീമതി രാജം റേച്ചൽ മാത്യൂസ്, ശ്രീമതി വത്സമ്മ തോമസ് |

| | |
|---|---|
| കേന്ദ്ര പ്രതിനിധികൾ | ശ്രീമതി ജൂണോ ജേക്കബ്, സിലി വർഗീസ്. |
| ഓഡിറ്റർ | ശ്രീമതി മേഴ്സി ബാബു |

## ഒന്നാം ഗ്രൂപ്പ് പ്രാർഥനയോഗം ചുമതലക്കാർ

| | |
|---|---|
| വൈസ് പ്രസിഡന്റ് | റവ. കുരുവിള ഫിലിപ്പ് |
| സെക്രട്ടറി | ശ്രീ. വിജി വർഗ്ഗീസ് |
| ട്രഷറർ | ശ്രീമതി ബിനി സാംജി |
| കൈസ്ഥാനസമിതി അംഗങ്ങൾ | ശ്രീ. കെ. എ. എബ്രഹാം<br>ശ്രീമതി മഞ്ജു മേരി മാത്യു |
| ഓഡിറ്റർ | ശ്രീമതി ശോഭാ മേരി തോമസ് |

## രണ്ടാം ഗ്രൂപ്പ് പ്രാർഥനയോഗം ചുമതലക്കാർ

| | |
|---|---|
| വൈസ് പ്രസിഡന്റ് | ശ്രീ. കെ. ജി. വർഗ്ഗീസ് |
| സെക്രട്ടറി | ശ്രീ. മാത്യു ചെറിയാൻ |
| ട്രഷറർ | ശ്രീ. ജോൺ വർഗ്ഗീസ് |
| കൈസ്ഥാനസമിതി അംഗങ്ങൾ | ശ്രീ. എബ്രഹാം വർഗ്ഗീസ്,<br>ശ്രീ. കെ. എ. വർഗ്ഗീസ് |
| ഓഡിറ്റർ | ശ്രീ. ബാബു തോമസ് |

## മൂന്നാം ഗ്രൂപ്പ് പ്രാർഥനയോഗം ചുമതലക്കാർ

| | |
|---|---|
| വൈസ് പ്രസിഡന്റ് | ശ്രീ. തോമസ് ജോസഫ് |
| സെക്രട്ടറി | ശ്രീമതി സുമ അജു |
| ട്രസ്റ്റി | ശ്രീ. സാബു തോമസ് |
| ഓഡിറ്റർ | ഡോ. കെ. എസ്. ജോർജ് |
| കൈസ്ഥാന സമിതി മെമ്പേഴ്സ് | ശ്രീമതി സുമ അജു<br>ശ്രീമതി സൂസൻ സാമുവേൽ. |

## സേവികാസംഘം

എല്ലാ ബുധനാഴ്ചകളിലും പള്ളിയിൽ വച്ച് മീറ്റിംഗുകളും മാസത്തിലെ അവസാന ബുധനാഴ്ച്ച നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വച്ച് കോട്ടേജ് പ്രയറും നടത്തപെടുന്നു.

## വരും മാസങ്ങളിലെ കോട്ടേജ് പ്രയറുകൾ.

ജൂലൈ 22 – ശ്രീമതി ഓമന ഹണി, പടിഞ്ഞാറേക്കൂറ്റ്
ആഗസ്റ്റ് 26 – പ്രൊഫ. അലീസ് മാത്യു, നെല്ലിമൂട്ടിൽ
സെപ്റ്റംബർ 23 – ശ്രീമതി സൂസൻ സാമുവേൽ, നെല്ലിമൂട്ടിൽ

## സെന്റർ പ്രോഗ്രാമുകൾ;

ആഗസ്റ്റ് 12 – സെന്റർ മീറ്റിംഗ്, കിഴക്കൻ മുത്തൂർ സെന്റ്. പോൾസ് പള്ളി
സെപ്റ്റംബർ 21 – മിഷൻ ടൂർ

## യുവജനസഖ്യം

ഇടവക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. 2-ഉം 4-ഉം ഞായറാഴ്ച്ചകളിൽ ശുശ്രുഷാനന്തരം ശാഖാ മീറ്റിങ്ങുകൾ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

## ഗായകസംഘം

ഞായറാഴ്ച്ച ആരാധനയിലും ഇടവകയിലെ മറ്റ് വിശേഷ ദിവസങ്ങളിലും ഗായകസംഘം ക്രമമായി പങ്കെടുക്കുന്നു. ഞായറാഴ്ച്ച ആരാധനയിലേക്കുള്ള ഗാനപരിശീലനം ശനിയാഴ്ചകളിൽ വൈകുന്നേരം 4.45 ന് പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

## യങ് വിമൻസ് ഫെല്ലോഷിപ്പ്

എല്ലാ നാലാം ഞായറാഴ്ച്ചകളിലും ഉച്ചകഴിഞ്ഞു മൂന്ന് മണിക്ക് പള്ളിയിൽ വച്ച് മീറ്റിങ്ങുകൾ നടത്തപ്പെടുന്നു.

| സഭാ വിശേഷദിവസങ്ങൾ | |
|---|---|
| **ജൂലൈ** | |
| 03 വെള്ളി | മാർത്തോമാ ശ്ലീഹാ ദിനം |
| 05 ഞായർ | ദശാംശ സമർപ്പണ ഞായർ |
| 12 ഞായർ | വൈദീക ഞായർ |
| 25 ശനി | വി. യാക്കോബ് ശ്ലീഹാ ദിനം |
| **ആഗസ്റ്റ്** | |
| 01 ശനി | 15 നോമ്പ് ആരംഭം |
| 02 ഞായർ | മിഷൻ ഞായർ |
| 06 വ്യാഴം | മറുരൂപപ്പെരുന്നാൾ |
| 15 ശനി | 15 നോമ്പ് വീടൽ |
| 16 ഞായർ | നവീകരണ ഞായർ |
| **സെപ്റ്റംബർ** | |
| 06 ഞായർ | വിദ്യാഭ്യാസ ദിനം |
| 13 ഞായർ | സേവികാസംഘദിനം |
| 20 ഞായർ | സീനിയർ സിറ്റിസൺസ് ഞായർ |
| 21 തിങ്കൾ | വി. മത്തായി ശ്ലീഹാ ദിനം |

## ബൈബിൾ ക്വിസ് - ഉല്പത്തി 9,10,11

1. പ്രളയശേഷം ദൈവം നോഹക്കും മക്കൾക്കും നല്കിയ പ്രധാന അനുഗ്രഹമെന്ത്? (ഒന്ന് മാത്രം)
2. മാംസാഹാരം കഴിക്കുമ്പോൾ പാലിക്കേണ്ട അതിപ്രധാനമായ ഒരു വ്യവസ്ഥ എന്ത്? (ഒരു വാചകത്തിൽ)
3. അവനവന്റെ സഹോദരനോട് ഞാൻ പകരം ചോദിക്കും. എന്തിൻറെ ?
4. ഭൂമിയിൽ എട്ട് പേർ മാത്രമുള്ള സംഘത്തിന് നല്കിയ അനുഗ്രഹ നിയോഗം എന്ത്?
5. ദൈവം പ്രളയവുമായുള്ള ബന്ധത്തിൽ മനുഷ്യരോടും സകല ചരാചരങ്ങളോടുമായി ചെയ്ത നിയമം എന്ത്? (ഒറ്റ വാചകത്തിൽ )
6. ദൈവം ചെയ്ത നിയമത്തിന്റെ അടയാളം എന്തായിരുന്നു?
7. കനാന്റെ പിതാവിന്റെ പേര്?
8. മനുഷ്യൻ സ്വയം പരിഹാസ്യനായതും, പരിണിതഫലമായി സ്വന്ത തലമുറയെ ശപിക്കുവാൻ കാരണമായ ഉപഭോഗവസ്തു എന്ത്? പരിഹാസ്യനായത് ആര് ?
9. ഭൂമിയിലെ ആദ്യ വീരൻ ആര്? ആരുടെ മകൻ ആയിരുന്നു? വലിയപ്പന്റെ പേരെന്ത്?
10. പുരാതന കാലത്തെ അറിയപ്പെട്ട നായാട്ടുവീരനായ നായകൻ ആര്? അവൻ വാണരുളിയ നാട് ഏത്? പ്രദേശങ്ങൾ ഏവ?
11. ഫെലിസ്ത്യർ ഉത്ഭവിച്ചത് ആരിൽനിന്ന്?
12. കനാന്യർ എവിടെ പാർത്തിരുന്നു?
13. ശേമിന്റെ പുത്രന്മാർ ആരെല്ലാം?
14. ശെമ്യ ഗോത്രം കിഴക്കോട്ടു സഞ്ചരിച്ച് കുടിയേറിയ ദേശത്തിന്റെ പേരെന്ത്? അവിടുത്തെ ഭൂപ്രകൃതി എന്തായിരുന്നു?
15. കെട്ടിട നിർമ്മിതിക്ക് അവർ കണ്ടെത്തിയ പുതിയ മാർഗ്ഗം എന്തായിരുന്നു?
16. ഗോപുര നിർമ്മിതിയിൽ അവരുടെ നിരൂപണവും ലക്ഷ്യവും എന്തായിരുന്നു?
17. ഭാഷ കലക്കപെട്ടതിനാൽ പട്ടണത്തിന് ലഭിച്ച പേരെന്ത്? പരിണിത ഫലമെന്ത്?
18. തേരഹിന്റെ പിതാവിന്റെ പേരെന്ത്? തേരഹിന്റെ മക്കൾ ആരെല്ലാം?
19. അബ്രഹാമിന്റെ ജന്മദേശത്തിന്റെ പേരെന്ത്? അത് ആരുടെ പട്ടണമായിരുന്നു?
20. കനാനിലേക്കുള്ള പ്രയാണത്തിൽ തേരഹും മക്കളും പാർത്ത ഇടത്താവളം ഏത്? അവിടെ വച്ച് എന്ത് സംഭവിച്ചു?

**ശരിയുത്തരം ലഭിക്കേണ്ട അവസാന തീയതി 2026 ആഗസ്റ്റ് 31**

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ ഉല്പത്തി 7,8

1. നീതിമാനായിരുന്നു
2. ഒരു ജോഡി (ഒരാണും പെണ്ണും)
3. 600 വയസ്
4. നാല് പുരുഷന്മാർ. നോഹ, ശേം, ഹാം, യാഫത്ത്
5. മൃഗങ്ങൾ നോഹയുടെ അടുക്കൽ വന്ന് പെട്ടകത്തിൽ പ്രവേശിച്ചു
6. നോഹയുടെ അറുനൂറാം ആണ്ടിൽ രണ്ടാം മാസം പതിനേഴാം തീയതി മഴ തുടങ്ങി
7. യഹോവ വാതിൽ അടച്ചു
8. 15 മുഴം
9. 150 ദിവസം
10. നോഹയുടെ പെട്ടകത്തിലുള്ള സകല ജീവികളെയും മൃഗങ്ങളെയും
11. ദൈവം ഭൂമിമേൽ കാറ്റടിപ്പിച്ചതിനാൽ
12. അരാരാത്ത് പർവതം
13. മലങ്കാക്ക
14. പ്രാവ്, ചുണ്ടിൽ പച്ച ഒലിവില
15. 601–ാം സംവത്സരം രണ്ടാം മാസം 27–)0 തീയതി
16. നോഹയുടെ 600–ാം ആണ്ടിൽ 2–ാം മാസം 17–ാം തീയതി മുതൽ 601–ാം ആണ്ട് 2–ാം മാസം 27–ാം തീയതി വരെ. ആകെ ഒരുവർഷം 10 ദിവസം
17. യഹോവക്ക് യോമയാഗം അർപ്പിച്ചു
18. ഞാൻ മനുഷ്യന്റെ നിമിത്തം ഇനി ഭൂമിയെ ശപികയില്ല
19. മനോനിരുപണം ബാല്യം മുതൽ ദോഷമുള്ളത്
20. ഞാൻ ചെയ്തതുപോലെ സകല ജീവികളും ഇനി നശികയില്ല, ഭൂമിയുള്ള കാലത്തോളം വിതയും കൊയ്ത്തും ശീതവും ഉഷ്ണവും വേനലും വർഷവും രാവും പകലും നിന്നുപോകയില്ല.

**ക്വിസ് ഏപ്രിൽ– ജൂൺ ലക്കത്തിലെ വിജയികൾ:**

ഒന്നാം സ്ഥാനം: ശ്രീ. സാബു തോമസ്

രണ്ടാം സ്ഥാനം: 1) പ്രൊഫ. ആലീസ് മാത്യു 2) ശ്രീമതി ബിനി സാംജി

## YEAR PLAN 2026-2027

| | |
|---|---|
| Jun 28 | **Kaisthanasamithi dedication** |
| July 05 | **Year Plan Release** |
| July 15 | **Kaisthanasamithi Retreat** |
| Aug 14 | **Special Holy Communion for Senior Citizens** |
| Aug 28 | **Sehion Family Fest** |
| Sept | **Parish Picnic** |
| Oct 25 | **Family Sunday** |
| Nov 13,14 | **Parish Convention** |
| Nov 15 | **Parish Day** |
| Dec 13-17 | **Door to Door Carol** |
| Dec 23 | **Christmas Carol Service** |
| Dec 25 | **Christmas Holy Communion** |
| Dec 27 | **Harvest Festival- Prayer Group I** |
| Dec 31 | **Watch Night Service/Holy Communion** |
| Jan 10 | **Harvest Festival- Prayer Group II** |
| Jan 18 | **Mission Field visit** |
| Jan 24 | **Harvest Festival - Prayer Group III** |
| Feb 07 | **General Body Meeting** |
| March 04 | **Middle day of Lent**<br>**Lent service begins** |
| March 21 | **Hosanna Sunday** |
| March 26 | **Good Friday** |
| March 28 | **Easter Sunday** |

## ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങൾ

| തീയതി | ഒന്നാം ഗ്രൂപ്പ് , 4.00 പി.എം. | രണ്ടാം ഗ്രൂപ്പ്, 3.00 പി.എം. | മൂന്നാം ഗ്രൂപ്പ്, 4.30 പി.എം. |
|---|---|---|---|
| 05.07.2026 | ശ്രീമതി. ചിന്നമ്മ തോമസ് ഞാലിലേട്ട് | ശ്രീ. എൻ. ജി. മാത്യു നെയ്പള്ളി | ശ്രീമതി എലിസബത്ത് തോമസ്, ആമ്പല്ലൂർ |
| 12.07.2026 | | ശ്രീ. എബ്രഹം വർഗ്ഗീസ് കണ്ണോത്ത് കാഞ്ഞിരമറ്റം | ശ്രീ. രാജി എൻ. കുരുവിള നെല്ലിമൂട്ടിൽ |
| 19.07.2026 | റവ. കുരുവിള ഫിലിപ്പ്, അംബ്രയിൽ | ശ്രീ. സി. കെ. വർഗ്ഗീസ് പ്ലാക്കുഴിയിൽ | ശ്രീമതി ജയാ തോമസ്, വരമ്പത്ത് |
| 26.07.2026 | **സംയുക്ത പ്രാർത്ഥന – മൂന്നാം ഗ്രൂപ്പ് –ശ്രീ. തോമസ് ജോസഫ്, നെല്ലിമൂട്ടിൽ മന്നത്ത്** | | |
| 02.08.2026 | ശ്രീ. കോശി ജോൺസൻ നെറ്റിയാട്ടുപറമ്പിൽ | ശ്രീ. കെ. എ. വർഗ്ഗീസ്, കണ്ണോത്ത് | ശ്രീമതി അച്ചാമ്മ ജോൺ പടുതോട്ട് |
| 09.08.2026 | ശ്രീ.കെ.എ. ഏബ്രഹാം, കണ്ണോത്ത് | ശ്രീ. എബ്രഹാം വർഗ്ഗീസ്, വെണ്മണി പുത്തനിട്ടിയിൽ | ശ്രീമതി ഗ്രേസിക്കുട്ടി മാത്യു, ഗ്രേസ് വില്ല |
| 16.08.2026 | ശ്രീ. രാജു മുണ്ടമറ്റം, മുണ്ടമറ്റം | ശ്രീ. സി. വർഗ്ഗീസ്, ഇടവപ്പറമ്പിൽ | ശ്രീ. ജേക്കബ് (കുഞ്ഞ്), ഇടവപ്പറമ്പിൽ |
| 23.08.2026 | **സംയുക്ത പ്രാർത്ഥന – ഒന്നാം ഗ്രൂപ്പ്** | | |
| 30.08.2026 | ശ്രീമതി റേച്ചൽ തോമസ് മുണ്ടമറ്റം | ശ്രീ. ജോൺ വർഗ്ഗീസ് കണ്ണോത്ത് | ശ്രീ.കോശി ജേക്കബ്, മുല്ലമംഗലം |
| 06.09.2026 | ശ്രീ. തോമസ് മാത്യു (അച്ചൻ കുഞ്ഞ്), ഞാലിലേട്ട് | ശ്രീ. ജോൺ തോമസ് മഠത്തിലേട്ട് | |
| 13.09.2026 | ശ്രീ. ഐസക്ക് ഉമ്മൻ, പ്ലാപ്പറ | ശ്രീ. കെ. ജി. വർഗ്ഗീസ് കണ്ണോത്ത്, ,കൊമ്പാടി | ശ്രീ. എൻ. റ്റി. ഏബ്രഹാം നെടിയകാലയിൽ (#1B, International Garden View ) |
| 20.09.2026 | ശ്രീ. ഷാജി തോമസ് കണ്ണോത്ത് | ശ്രീ. ഇ. സി. കോശി ഇലവിനാൽ | ശ്രീ. പാറേൽ വർഗീസ് തോമസ് (സണ്ണി), മൂൺ കോട്ടേജ് |
| 27.09.2026 | **സംയുക്ത പ്രാർത്ഥന – രണ്ടാം ഗ്രൂപ്പ്** | | |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. 2026 ഒക്ടോബർ-നവംബർ-ഡിസംബർ സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനായോഗങ്ങളുടെയും സംഘടനകളുടെയും വാർത്തകളും, അറിയിപ്പുകളും, ലേഖനങ്ങളും സെപ്റ്റംബർ 15-ാം തീയതിക്കു മുമ്പായി ഇടവക സെക്രട്ടറിയെ ഏൽപിക്കുവാൻ പ്രാർത്ഥനാഗ്രൂപ്പുകളുടെയും പോഷകസംഘടനകളുടെയും ചുമതലക്കാർ ശ്രദ്ധിക്കുക.
2. സെഹിയോൻ ബുള്ളറ്റിൻ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ട്രസ്റ്റിയെയോ സെക്രട്ടറിയെയോ പ്രസ്തുത വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
3. സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ മൂല്യമുള്ള കലാസൃഷ്ടികളും കവിതകളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വികാരിയെയോ സെക്രട്ടറിയെയോ സമീപിക്കുക. പ്രസിദ്ധീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അന്തിമ തീരുമാനം വികാരിയുടേതായിരിക്കും.

For Private Circulation Only

RED Media | 9495 151222